"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് -ജയിലുകൾ- നോവൽ കൊറോണ വൈറസ് വ്യാപനം - മുൻകരുതൽ നടപടികൾ- 65 വയസിന് മുകളിൽ പ്രായമുള്ള തടവുകാർക്ക് പ്രത്യേക അടിയന്തിരാവധി അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

**ആഭ്യന്തര(ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1809/2020/ആഭ്യന്തരം** തീയതി, തിരുവനന്തപുരം, 17/08/2020

പരാമർശം:- 1) ബഹു. സുപ്രീകോടതിയുടെ 01/2020 നമ്പർ സുവോ മോട്ടു റിട്ട് ഹർജിയിലെ 23.03.2020 തീയതിയിലെ ഉത്തരവ്.

2) ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസിന്റെ 17.08.2020 ലെ WP2-7212/2020/PrHQ നമ്പർ കത്ത്.

**ഉത്തരവ്**

രാജ്യ വ്യാപകമായി നോവൽ കൊറോണ വൈറസ് ബാധ പടർന്നു പിടിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ജയിലുകളിലെ തടവുകാരുടെ ബാഹുല്യം കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ബഹു. സുപ്രീംകോടതി പരാമർശം (1) ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ യോഗ്യരായ തടവുകാർക്ക് പ്രത്യേക അടിയന്തിര അവധികൾ അനുവദിച്ച് നൽകിയിട്ടുണ്ട്. ജയിലുകൾക്കുള്ളിലും രോഗവ്യാപനത്തിന്റെ തോത് വളരെയധികം വർദ്ധിച്ചുവരുന്ന സാഹചര്യത്തിലും 65 വയസിന് മുകളിലുള്ള അന്തേവാസികൾക്ക് രോഗബാധ തീവ്രത കൂടുതൽ ആയതിനാലും ജയിലുകളിൽ പാർപ്പിക്കുന്നത് സുരക്ഷിതമല്ലാത്തതിനാൽ അവധി ആനുകൂല്യങ്ങൾക്ക് അർഹതയില്ലാത്ത 65 വയസിന് മുകളിൽ പ്രായമുള്ള എല്ലാ ശിക്ഷ തടവുകാരേയും സ്വന്തം ബോണ്ടിന്റെ ആനുകൂല്യത്തിൽ വിട്ടയക്കുന്നത് ഉചിതമായിരിക്കുമെന്ന് പരാമർശം (2) കത്ത് പ്രകാരം ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് അഭിപ്രായപ്പെട്ടിരിക്കുന്നു.

2 ) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നോവൽ കൊറോണ വൈറസ് ജയിലുകൾക്കുള്ളിലും പടരുന്ന സാഹചര്യത്തിൽ തടവുകാരുടെ ബാഹുല്യം കുറയ്ക്കുന്നതിനായി UAPA, കുട്ടികൾക്ക് എതിരായ ലൈംഗീക അതിക്രമം, TADA, മനുഷ്യക്കടത്ത് തുടങ്ങിയ കേസുകളിൽ ശിക്ഷിക്കപ്പെട്ടവർ ഒഴികെയുള്ള 6 5 വയസിന് മുകളിൽ പ്രായമുള്ള തടവുകാർക്ക് പ്രത്യേക അടിയന്തിര അവധി അനുവദിച്ച് ഉത്തരവാകുന്നു. ഇത്തരത്തിൽ അവധി അനുവദിക്കപ്പെട്ട തടവുകാർ ഒക്ടോബർ 3 0 മുതൽ 3 ദിവസത്തിനകം തിരികെ ജയിലുകളിൽ പ്രവേശിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SYAM T K

**അണ്ടർ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ & പി.ആർ. വകുപ്പ്

(പ്രസ് റിലീസിനും ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by JIJIMON R
Date: 2020.08.17 17:14:21 IST
Reason: Approved

സെക്ഷൻ ഓഫീസർ